**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 109** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സുമേഷ് അച്യുതൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. രമേഷ് പിഷാരടി

ശ്രീ. രാജൻ. ജെ. പല്ലൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഏതെല്ലാം വിഷയങ്ങൾക്കാണ് പ്രാധാന്യം നല്കുന്നത്; ലഹരിയുടെ ദൂഷ്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ഉതകുന്ന വിധത്തിൽ കൂടുതൽ വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പാഠ്യപദ്ധതി പരിഷ്കരണത്തിൽ ആധുനിക സമൂഹം പ്രാധാന്യത്തോടു കൂടി നോക്കിക്കാണുന്ന എല്ലാ വിഷയങ്ങളെയും ഉൾപ്പെടുത്തും. നിലവിലെ പാഠപുസ്തകങ്ങൾ രണ്ട് വർഷം മുമ്പ് പരിഷ്കരിച്ചതാണ്. തുടർന്ന് ഈ പുസ്തകങ്ങളുടെ ഫലപ്രാപ്തി പഠനത്തിനുശേഷം പരിഷ്കരണ നടപടികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

**(ബി)** പരിസ്ഥിതി സംരക്ഷണം, കൃഷി, ജലസംരക്ഷണം, മാലിന്യനിർമ്മാർജ്ജനം എന്നീ വിഷയങ്ങളിലുള്ള ശാസ്ത്രീയവും പ്രായോഗികവുമായ അറിവുകൾ നൽകുന്ന വിധം പാഠ്യപദ്ധതി പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ ;

**<u>മറുപടി:</u>** ആധുനിക സമൂഹം അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ളത് സമഗ്രമായി പരിശോധിച്ചതിന് ശേഷം ആവശ്യമായ മാറ്റങ്ങൾ കൂട്ടിച്ചേർക്കുന്നതിനും പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കും.

**(സി)** കാലാനുസൃതമായ പാഠ്യപദ്ധതി പരിഷ്കരണത്തിന് അനുസൃതമായി അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനും അധ്യയനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ 'ടീച്ചർ പ്രൊഫഷണലിസം' നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള എല്ലാ അധ്യാപക പരിശീലനങ്ങളും സമഗ്രമായി പരിഷ്കരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കും.

**സെക്ഷൻ ഓഫീസർ**